## ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ
## സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടിക്രമം

വിഷയം : ആ.വ.ഡ — ആരോഗ്യ വകുപ്പിലെ 04/86 മുതൽ 12/98 വരെയുള്ള കാലയളവിലെ എൽ.ഡി ടൈപ്പിസ്റ്റുമാരുടെ സീനിയോറിറ്റി പട്ടികയിൽ ശ്രീമതി. ലതാ എസ്. തമ്പി, സി. എച്ച്. സി വെൺപകൽ - ന് നൽകിയ താൽക്കാലിക സ്ഥാനം സ്ഥിരീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്-

സൂചന :
1.നം.എ7-32842/2018/ജി.മെ.ഓ(ആ),തിരുവനന്തപുരം, തീയതി.22.10.2020
2. ഉത്തരവ് നം. എ2-1599/1992/ജി.മെ.ഒ(ആ), തിരുവനന്തപുരം, തീയതി. 29.10.1994
3. എ7-1599/21992, ജി.മെ.ഒ(ആ), തിരുവനന്തപുരം, തീയതി. 12.07.1996
4. ഉത്തരവ് നം. എ2-45258/97/ജി.മെ.ഒ(ആ), തിരുവനന്തപുരം, തീയതി. 24.09.1998
5. ഉത്തരവ് നം. ഇ. എസ്2-57106/04/ആ.വ. ഡ, തീയതി. 17.01.2006
6. ഇ. എസ്2-98237/2019/ആ.വ.ഡ, തീയതി. 16.11.2020 നമ്പർ നോട്ടീസ്

### ഉത്തരവ് നം. ഇ.എസ്2/98237/2019/ആ.വ.ഡ/തീയതി : 01/01/2021

ആരോഗ്യ വകുപ്പിലെ 04/86 മുതൽ 12/98 വരെയുള്ള കാലയളവിലെ എൽ.ഡി ടൈപ്പിസ്റ്റുമാരുടെ സീനിയോറിറ്റി പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനായി ശ്രീമതി. ലതാ എസ്. തമ്പി, സി. എച്ച്. സി വെൺപകൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സൂചന 1 പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ. തിരുവനന്തപുരം അയച്ച തന്നിരുന്നു.

ശ്രീമതി. ലതാ എസ്. തമ്പി സൂചന 2 പ്രകാരമുള്ള തിരുവനന്തപുരം ജില്ലാ മെഡിക്കൽ മെഡിക്കൽ ഓഫീസറുടെ നിയമന ഉത്തരവിന്റെ അടിസ്ഥാനത്തിൽ 31.10.1994 ന് ക്ലാർക്ക് - ടൈപ്പിസ്റ്റ് ആയി സർവ്വീസിൽ പ്രവേശിച്ചു. ഇവർ ടൈപ്പിസ്റ്റ് തസ്തികയിലേക്ക് ഓപ്ഷൻ നൽകിയിട്ടുള്ളതും ആയത് സേവന പുസ്തകത്തിലെ രേഖകൾ പ്രകാരം മേലുദ്യോഗസ്ഥന്മാർ അംഗീകരിച്ചിട്ടുള്ളതുമാണ്. സൂചന 3 പ്രകാരം ടിയാരിയുടെ സർവ്വീസ് 31.10.1994 മുതൽ റെഗുലറൈസ് ചെയ്തിട്ടുള്ളതും സൂചന 4 പ്രകാരം പ്രൊബേഷൻ കാലാവധി പൂർത്തിയാക്കിയിട്ടുള്ളതുമാണ്.

സൂചന 5 പ്രകാരമുള്ള 04/86 മുതൽ 12/98 വരെയുള്ള കാലയളവിലെ എൽ.ഡി ടൈപ്പിസ്റ്റുമാരുടെ സീനിയോറിറ്റി പട്ടികയിൽ ഇവരുടെ പേര് ഉൾപ്പെട്ടിട്ടില്ല. മേൽ സാഹചര്യത്തിൽ സൂചന 2 പ്രകാരമുള്ള നിയമന ഉത്തരവിന്റെ മുൻഗണന പരിഗണിച്ച് ശ്രീമതി. ലതാ. എസ്. തമ്പിക്ക് സൂചന 5 പ്രകാരമുള്ള എൽ.ഡി. ടൈപ്പിസ്റ്റുമാരുടെ സീനിയോറിറ്റി പട്ടികയിൽ 110 A എന്ന സ്ഥാനം നൽകി സൂചന 6 പ്രകാരം നോട്ടീസ് പുറപ്പെടുവിച്ചിരുന്നു. ആയതിന്മേൽ യാതൊരു ആക്ഷേപവും നാളിതുവരെ ലഭ്യമായിട്ടില്ല.

ആയതിനാൽ ശ്രീമതി. ലതാ. എസ്. തമ്പിയെ 04/86 മുതൽ 12/98 വരെയുള്ള കാലയളവിലെ എൽ.ഡി ടൈപ്പിസ്റ്റുമാരുടെ സീനിയോറിറ്റി പട്ടികയിൽ 110 A സ്ഥാനം നൽകി ഉൾപ്പെടുത്താൻ സ്വീകരിച്ച താൽക്കാലിക തീരുമാനം സ്ഥിരീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | ജനന തീയതി | ജോലിയിൽ പ്രവേശിച്ച തീയതി | യോഗ്യത | ഗവ. ഉത്തരവ് | നിലവിലെ റാങ്ക് നമ്പർ | പുതുക്കിയ റാങ്ക് നമ്പർ |
|---|---|---|---|---|---|---|---|
| 1 | പി. സുലേഖാ ബീവി | 08.05.1964 | 01.11.1994 | SSLC, KGTE TW(E & M)H | G.O(P)6/95/P & ARD, Dt: 30.03.1995 | 110 | 110 |
| 2 | ലതാ എസ്. തമ്പി | 23.12.1970 | 31.10.1994 | SSLC, KGTE TW(E & M)L, Word Processing | G.O(P)6/95/P & ARD, Dt: 30.03.1995 | -- | 110 A |
| 3. | എസ്. സൈരന്ധ്രി | 24.05.1961 | 07.11.1994 | SSLC, KGTE TW(E & M)L | G.O(P)6/95/P & ARD, Dt: 30.03.1995 | 111 | 111 |

ഒപ്പ്/-
കുമാരി ബീന. വി. റ്റി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താവ്

ശ്രീമതി. ലതാ എസ്. തമ്പി
ടൈപ്പിസ്റ്റ്, സാമൂഹികാരോഗ്യ കേന്ദ്രം, വെൺപകൽ
(മേലധികാരി മുഖേന)

പകർപ്പ്

1. എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ്
3. സൂപ്രണ്ട്, ഇ. ഡി. സെക്ഷൻ
4. ഫയൽ/കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്